بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 28.02.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഖൈബർ യുദ്ധം - 4

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി ചരിത്രത്തിന്റെ വെളിച്ചത്തിൽ ഖൈബർ യുദ്ധത്തിൽ നബി(സ)യുടെ മാതൃക ഏതു വിധത്തിൽ ആയിരുന്നു എന്നതിനെക്കുറിച്ചാണ് പറഞ്ഞുവന്നിരുന്നത്. ഖൈബർ യുദ്ധത്തിനുശേഷം യഹൂദികളിൽനിന്ന് തിരുനബി(സ)യെ അപായപ്പെടുത്തുന്നതിനുള്ള ഒരു ഗൂഢാലോചന ഉണ്ടായിരുന്നു. വിഷലിപ്തമായ ആട്ടിറച്ചി തിരുനബി(സ)നു നൽകാനുള്ള പരിശ്രമമുണ്ടായി. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: ഖൈബർ ജയിച്ചടക്കിയതിനുശേഷം ഖൈബർകാരുമായി ഉടമ്പടി ഉണ്ടാക്കിയിരുന്നു. വളരെ ദയനീയ പരാജയം ഏറ്റുവാങ്ങിയതിനുശേഷം ഉടമ്പടി അനുസരിച്ച് ഇവർ ഒരിക്കൽ കൂടി തിരുനബി(സ)യുടെ കാരുണ്യത്തിന് വിധേയരാകുകയുണ്ടായി. നബി(സ) അവർക്ക് മാപ്പ് നൽകുക മാത്രമല്ല ഖൈബറിൽ താമസിക്കുന്നതിനുള്ള അനുമതിയും നൽകി. ജനങ്ങൾക്ക് സമാധാനമായപ്പോൾ ഒരു ദിവസം യഹൂദ സൈന്യാധിപനായ സലാം ബിൻ മിശ്കമിന്റെ ഭാര്യ സൈനബ് ബിൻത് ഹാരിസ് തിരുനബി(സ)യുടെ സവിധത്തിൽ ആട്ടിറച്ചി കൊണ്ടുവന്ന് ഇത് താങ്കൾക്ക് തന്റെ സമ്മാനമാണെന്നു പറഞ്ഞു. ഈ ഗൂഢതന്ത്രത്തിൽ ഈ സ്ത്രീ മാത്രമായിരുന്നില്ല, മറിച്ച് യഹൂദികളിലെ മറ്റു ചില ആളുകളുംകൂടി ഉണ്ടായിരുന്നു.

തിരുനബി(സ)യുടെ കൽപ്പനപ്രകാരം പ്രസ്തുത സമ്മാനം നബി(സ)യുടെ മുന്നിൽ വെക്കുകയുണ്ടായി. ബിശർ ബിൻ ബാറാഅ് ഉൾപ്പെടെ കുറച്ചു സ്വഹാബാക്കൾ അവിടെ സന്നിഹിതനായിരുന്നു. തിരുനബി(സ) അതിൽ നിന്ന് കൈ ഭാഗത്തുള്ള ഇറച്ചിയിൽനിന്ന് ഒരു ചെറിയ കഷ്ണം എടുത്തു. തിരുനബി(സ) പറഞ്ഞു: കൈ പിന്നോട്ടെടുക്കുക. ആ കൈയുടെ ഇറച്ചി കഷ്ണം വിഷലിപ്തം ആണെന്ന് മനസ്സിലാകുന്നു. ഹദ്റത്ത് ബിശർ ബിൻ ബറാഅ് പറഞ്ഞു: ഞാൻ ഭക്ഷിച്ച കഷ്ണത്തിൽ എനിക്ക് ഒരു അസ്വസ്ഥത അനുഭവപ്പെട്ടിരുന്നു. പക്ഷേ അങ്ങയുടെ ഭക്ഷണം കേടുവരുത്തേണ്ടെന്ന് കരുതിയത് കൊണ്ടാണ് ഞാനത് പറയാതിരുന്നത്. പിന്നെ തിരുനബി(സ) ആ കഷ്ണം തുപ്പിക്കളഞ്ഞു. പക്ഷെ എനിക്ക് എന്നെക്കാളുമധികം തിരുനബി(സ)യെ സംബന്ധിച്ചുള്ള ചിന്തയായിരുന്നു എന്നെ അലട്ടിയത്. പക്ഷെ നബി(സ) അത് ഇറക്കിയിട്ടില്ല എന്ന് അറിഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. ഹദ്റത്ത് ബിശർ തന്റെ സ്ഥലത്ത്നിന്ന് എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല, അതിനുമുമ്പ് അദ്ദേഹത്തിന്റെ നിറം മാറാൻ തുടങ്ങി. പിന്നെ അദ്ദേഹം ഒരുപാട് രോഗിയായി തീർന്നു. സ്വയമായി തിരിഞ്ഞു കിടക്കാൻ പോലും കഴിയുമായിരുന്നില്ല. അങ്ങനെ ഏകദേശം ഒരു വർഷത്തിനുശേഷം അദ്ദേഹം വഫാത്തായി. ചിലർ പറയുന്നത്, തന്റെ സ്ഥലത്ത്നിന്ന് അനങ്ങാൻ പോലും കഴിയാതെ അങ്ങനെതന്നെ അദ്ദേഹം വഫാത്തായി എന്നാണ്. നബി(സ) ഇറച്ചി കൊടുത്ത സ്ത്രീയെ വിളിച്ചു എന്നിട്ട് ചോദിച്ചു: ഇങ്ങനെ ചെയ്യാൻ നിന്നോട് ആരാണ് പറഞ്ഞത്? അവൾ പറഞ്ഞു: താങ്കൾ രാജാവ് ആണെങ്കിൽ ഞങ്ങൾക്ക് താങ്കളിൽനിന്നും മോചനം കിട്ടുമെന്നും അതല്ലാ താങ്കൾ നബിയാണെങ്കിൽ താങ്കൾക്ക് അതേപ്പറ്റി അറിവ് കിട്ടുമെന്നും ഞാൻ കരുതി. നബി(സ) ആ സ്ത്രീക്ക് മാപ്പ് കൊടുക്കുകയുണ്ടായി. മറ്റൊരു നിവേദനം അനുസരിച്ച് ഹദ്റത്ത് ബിശർ വഫാത്തായപ്പോൾ ആ സ്ത്രീയെ വധിക്കുകയുണ്ടായി. സ്വഹീഹ് മുസ്‌ലിമിനുള്ള നിവേദനത്തിൽ പറയുന്നു: ആ സ്ത്രീയെ വധിക്കുകയുണ്ടായില്ല.

സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് ആയിശ(റ)യുടെ നിവേദനത്തിൽ പറയുന്നു: നബി(സ) തന്റെ വഫാത്ത് വേളയിൽ പറഞ്ഞു: അല്ലയോ ആയിശാ! ഖൈബറിൽ ഞാൻ ഭക്ഷിച്ച ഭക്ഷണത്തിന്റെ പ്രയാസം ഇപ്പോഴും എനിക്ക് അനുഭവപ്പെടുന്നു.

ഇപ്പോഴും ആ വിഷം കാരണം എന്റെ ഞരമ്പുകൾ ഒക്കെ മുറിഞ്ഞുപോകുന്നത്പോലെ എനിക്ക് തോന്നുന്നു. ചില മുസ്‌ലിം വ്യാഖ്യാതാക്കൾ തിരുനബി(സ)യുടെ മരണം ഖൈബറിന്റെ അവസരത്തിൽ ഭക്ഷിച്ച വിഷലിപ്തമായ ഇറച്ചിക്കഷ്ണം മൂലമാണ് ഉണ്ടായതെന്നു പറയുന്നു. അങ്ങനെ ഈ മരണത്തെ ശഹാദത്ത് ആണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നു. നബി ശഹീദെ അഅ്‌സം (മഹാനായ ശഹീദ്) ആണെന്നും പറയുന്നു.

(ഹുസൂർ തിരുമനസ്സ് പറയുന്നു:) വാസ്തവത്തിൽ നബി(സ)ക്കു ഇങ്ങനെ ഒരു ഔപചാരികതയുടെ ആവശ്യം ഇല്ലായിരുന്നു. നബി(സ) ഈ സ്ഥാനവും പദവിയും ഉള്ള ആൾ തന്നെയാണ്. ആ മഹാത്മാവ് ശഹീദും സിദ്ദീഖുമാകുന്നു. യഹൂദികൾ വിഷം കൊടുത്തത് ഇദ്ദേഹം സത്യപ്രവാചകൻ ആണെങ്കിൽ പ്രസ്തുത വിഷത്തിൽനിന്ന് സംരക്ഷിക്കപ്പെടുമെന്നു കരുതികൊണ്ടാണ്. (രക്ഷപ്പെട്ടപ്പോൾ സത്യപ്രവാചകൻ ആണെന്ന് അവർ മനസ്സിലാക്കി.) അത് അവരുടെ വീക്ഷണത്തിൽ ഒരു അത്ഭുതമായി നിലകൊണ്ടു. പക്ഷേ ചില ശുദ്ധഗതിക്കാരായ ആളുകൾ ഈ വിഷം കാരണമാണ് നബിയുടെ മരണം സംഭവിച്ചത് എന്ന് അംഗീകരിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ നബി(സ)യുടെ മരണം ഒരിക്കലും തന്നെ ഈ വിഷം കൊണ്ടായിരുന്നില്ല. പ്രയാസത്തെപറ്റി നബി(സ) പറഞ്ഞതായിരിക്കാം.

ഖൈബർ യുദ്ധത്തിന്റെ വിവരണത്തിൽ ഹദ്റത്ത് സഫിയയുടെ വിവാഹത്തെക്കുറിച്ചുള്ള പരാമർശവും ഉണ്ട്. ഖൈബറിൽ ബന്ദികളെ ഒരുമിച്ചു കൂട്ടിയപ്പോൾ ഹദ്റത്ത് ദഹിയക്ക് തിരുനബി(സ)യുടെ അനുമതിയോടെ ഹുയയ്യ് ബിൻ അഖ്തബിന്റെ മകൾ സഫിയയെ ലഭിച്ചു. അപ്പോൾ ഒരാൾ തിരുനബി(സ)യുടെ അടുക്കലെത്തി പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അങ്ങ് ഹുയയ്യിന്റെ മകളെ കൊടുത്തിരിക്കുകയാണോ, അവൾ ബനൂഖുറൈസയുടെയും ബനൂനദീറിന്റെയും രാജകുമാരിയാകുന്നു. അവൾക്ക് താങ്കൾ അല്ലാതെ മറ്റാരും യോജിച്ചതായിട്ടില്ല. തിരുനബി(സ) പറഞ്ഞു: അദ്ദേഹത്തോട് അവരെയും കൂട്ടി വരാൻ പറയുക. അങ്ങനെ അദ്ദേഹത്തോട് പറഞ്ഞു: ബന്ധികളിൽ ഇവരെ അല്ലാതെ മറ്റേതെങ്കിലും സ്ത്രീയെ നീ എടുത്തുകൊള്ളുക. ഹദ്റത്ത് അനസ് പറയുന്നു: തിരുനബി(സ) അവരെ സ്വതന്ത്രയാക്കി. മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ പറയുന്നു: തിരുനബി(സ) ഹദ്റത്ത് സഫിയയോട് പറഞ്ഞു: ഞാൻ നിന്നെ സ്വതന്ത്രയാക്കുകയാണ്. താല്പര്യപ്പെടുന്നുവെങ്കിൽ ഞാനുമായി വിവാഹം കഴിക്കാം. അതല്ല തന്റെ ഗോത്രത്തിലേക്ക് തിരിച്ചു പോകണമെങ്കിൽ അങ്ങനെയും ആകാം. അപ്പോൾ അവർ സ്വതന്ത്രയാകുന്നതും നബി(സ)യുമായി വിവാഹം കഴിക്കുന്നതുമാണ് താല്പര്യപ്പെട്ടത്.

ഖൈബറിലെ എല്ലാ തിരക്കുകളും അവസാനിച്ചതിനുശേഷം തിരുനബി(സ) ഖൈബറിൽനിന്ന് പുറപ്പെട്ടു. പിന്നെ ആറ് മൈൽ അപ്പുറത്ത് നബി(സ) താവളം അടിച്ചു, അവരെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. പക്ഷേ ഹദ്റത്ത് സഫിയയുടെ ആഗ്രഹപ്രകാരം യാത്ര തുടർന്നു. ഖൈബറിൽനിന്ന് ഏകദേശം 12 മൈൽ ദൂരത്ത് താവളമടിച്ചു. അവിടെവെച്ച് വിവാഹം കഴിഞ്ഞു. ഹദ്റത്ത് സഫിയ പറയുന്നു: ആറു മൈൽ കഴിഞ്ഞ് നിൽക്കാത്തതിനു കാരണം, അന്ന് ഖൈബറിന്റെ വളരെ അടുത്താണ് താവളം ആഗ്രഹിച്ചിരുന്നത്. പക്ഷേ എന്റെ സമുദായത്തിലെ ആളുകൾ അങ്ങേക്ക് വല്ല നഷ്ടവും വരുത്താൻ ശ്രമിക്കുമോ എന്ന് എനിക്ക് ആശങ്കയുണ്ടായിരുന്നു, അതുകൊണ്ട് ഖൈബറിൽനിന്ന് കുറച്ചുകൂടി ദൂരെ പോയി തങ്ങാം എന്നാണ് ഞാൻ കരുതിയത്. നബി(സ)ന്റെ ഉന്നത ധാർമിക സ്വഭാവത്തിൽ സഫിയ വളരെയേറെ സ്വാധീനിക്കപ്പെടുകയും അവർക്ക് ലോകത്ത് നബി(സ)യേക്കാളും പ്രിയപ്പെട്ടതായി ആരും ഇല്ലാത്ത അവസ്ഥ ആവുകയും ചെയ്തു. ആ രാത്രിയിൽ അബൂഅയ്യൂബ് അൻസാരി നബി(സ)ക്കു കാവൽ നിൽക്കുകയും അദ്ദേഹത്തിന്റെ നിഷ്കളങ്കവും സ്നേഹാദരവുമായ പെരുമാറ്റത്തിൽ നബി(സ) അദ്ദേഹത്തിന്‌വേണ്ടി ദുആ ചെയ്ത പരാമർശവും വരുന്നുണ്ട്. ഏതായാലും അടുത്ത ദിവസം നബി(സ) വളരെ കുലീനവും ലളിതവുമായ വലീമ സൽക്കാരത്തിനുള്ള ഏർപ്പാടുകൾ ചെയ്തു. മൂന്നു ദിവസത്തെ താമസത്തിനുശേഷം അവിടെനിന്ന് പുറപ്പെട്ടു. സഫിയയെ സ്വതന്ത്രമാക്കിയത് അവരുടെ മഹറായി പ്രഖ്യാപിക്കുകയും ചെയ്തു. ഇവിടെ സഫിയയുടെ ഒരു സ്വപ്നത്തെക്കുറിച്ചും പരാമർശമുണ്ട്. അവർ പറഞ്ഞു: നബി(സ) വരുന്നതിന് ഏതാനും ദിവസം മുമ്പ്, ഞാനൊരു സ്വപ്നം കാണുകയുണ്ടായി. ചന്ദ്രൻ യസ്‌രിബിൽനിന്ന് വന്നു എന്റെ മടിയിൽ വീഴുകയുണ്ടായി. ഹദ്റത്ത് സഫിയ ഹിജ്റ വർഷം അമ്പതിൽ വഫാത്തായി ജന്നത്തുൽ ബഖീഇൽ മറവടക്കപ്പെടുകയും ചെയ്തു.

ഹദ്റത്ത് സഫിയയുടെ വിവാഹത്തെക്കുറിച്ചും പാശ്ചാത്യ വിമർശകർ തങ്ങളുടെ പതിവ് സ്വഭാവമനുസരിച്ച് ചില ആക്ഷേപങ്ങൾ ഉന്നയിക്കുന്നുണ്ട്.

നബി(സ) സഫിയയുടെ സൗന്ദര്യത്തെക്കുറിച്ച് കേട്ട പ്പോൾ ദഹിയയിൽനിന്ന് അവരെ തിരിച്ചു വാങ്ങി സ്വയം അവരുമായി വിവാഹം കഴിച്ചു എന്നു പറയുന്നു. (ഹുസൂർ തിരുമനസ്സ്) ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് അവ്വൽ(റ) ഇതിനു നൽകിയ മറുപടി സമർപ്പിച്ചുകൊണ്ട് പറയുന്നു: അറബികളുടെ ചട്ടങ്ങൾ അനുസരിച്ച് ജയിച്ചടക്കുന്ന പ്രദേശ ത്തിന്റെ നേതാവിന്റെ മകളെ അല്ലെങ്കിൽ ഭാര്യയെ നാട്ടിൽ സമാധാനവും ശാന്തിയും ഉണ്ടാകാനും നാട്ടിലെ പ്രബലരായ ആളുകളുമായുള്ള സ്നേഹം ഊട്ടിയുറപ്പിക്കുന്നതിനുംവേണ്ടി വിവാഹം കഴി ക്കാറുണ്ടായിരുന്നു. എല്ലാ പ്രജകളും അതുപോലെ രാജകീയ കുടുംബാംഗങ്ങളും അതിൽ തൃപ്തരാ കുമായിരുന്നു.

തിരുനബി(സ) വിവാഹം കഴിക്കാൻ തീരുമാനി ച്ചപ്പോൾ അതിന്റെ അടിസ്ഥാന കാരണം ഈ വിവരിക്കപ്പെട്ടതെന്നും അല്ലായിരുന്നു. മറിച്ച് അടി സ്ഥാന കാരണം ദൈവിക കൽപ്പന മാത്രമായി രുന്നു. നബി(സ)യുടെ അനക്കമടക്കങ്ങൾ എല്ലാം ദൈവിക ഇച്ഛകൂടാതെ ഉണ്ടായിരുന്നില്ല. അല്ലാഹു തന്നെ അത് സംബന്ധിച്ചു പറയുന്നു: നീ പറയുക എന്റെ ആരാധനകളും എന്റെ ത്യാഗങ്ങളും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനു വേണ്ടി മാത്രമുള്ളതാണ്, അവൻ സകല ലോക ത്തിന്റെയും നാഥൻ ആകുന്നു. എല്ലാ കർമ്മങ്ങളും അവനുവേണ്ടി ആകുമ്പോൾ ആ മഹാത്മാവിന് ഓരോ നിമിഷവും അർശിന്റെ നാഥൻ മാർഗദർ ശനങ്ങളും നൽകിക്കൊണ്ടിരുന്നു എന്നിരിക്കെ അദ്ദേഹം സ്വയം എങ്ങനെയാണ് ഇത്ര വലിയ ഒരു തീരുമാനം എടുക്കുക. നബി(സ) ചെയ്ത ഈ എല്ലാ വിവാഹങ്ങളും തീർച്ചയായും ദൈവികമായിരുന്നു. അതിന്റെ പരിണിതഫലങ്ങളും വളരെയേറെ അനുഗ്രഹങ്ങൾക്ക് പാത്രമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിനയെ കമാ ലാത്തെ ഇസ്ലാം എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: നബി(സ)യുടെ ഒരു കർമ്മവും വാക്കും വഹ്യിൽനിന്ന് ഒഴിഞ്ഞതായിരുന്നില്ല എന്നാണ് നബി(സ)യെ സംബന്ധിച്ച് സ്വഹാബാക്കൾ ഉറച്ചു വിശ്വസിച്ചിട്ടുണ്ടായിരുന്നത്. നബി(സ) പറഞ്ഞു: ആരുടെ കൈയിലാണോ എന്റെ ജീവനുള്ളത് അവനാണെ സത്യം എന്നിൽനിന്ന് വന്നുപോ കുന്ന എല്ലാ വാക്കുകളും പ്രവർത്തികളും അല്ലാ ഹുവിൽ നിന്നുള്ളതാകുന്നു. ഹദീസ് ഗ്രന്ഥങ്ങ ളിൽ ചില കാര്യങ്ങൾ തിരുനബി(സ)യുടെ ഗവേഷ ണപരമായ തെറ്റുകൾ ആയി വിവരിക്കപ്പെട്ടിട്ടുണ്ട്. അതായത് എല്ലാ പ്രവർത്തിയും കർമ്മങ്ങളും വഹ്യുടെ അടിസ്ഥാനത്തിൽ ആണെങ്കിൽ പിന്നെ ഈ അബദ്ധങ്ങൾ എങ്ങനെയാണ് ഉണ്ടായത്? അതായത് നബി(സ) ഈ സ്ഥാനത്ത് നിലനിന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതിനുള്ള മറുപടി ഇപ്രകാരമാണ്, (പ്രവാചകന്മാരുടെ) ഗവേ ഷണപരമായ അബദ്ധത്തെയും വഹിയിൽനിന്ന് ഒഴിഞ്ഞതായി മനസ്സിലാക്കുന്നില്ല. കാരണം അതൊരു നിസ്സാര കാര്യം അല്ല. പലപ്പോഴും അല്ലാഹുവിന്റെ പ്രത്യേകമായ യുക്തികൾക്ക് വേണ്ടി പ്രവാചകന്മാരുടെ അറിവിനെയും ബോധ്യ ത്തെയും തന്റെ നിയന്ത്രണത്തിൽ ആക്കുകയും അപ്പോൾ എന്തെങ്കിലും വാക്കുകളോ പ്രവർത്തി കളോ, തെറ്റായോ അബദ്ധത്തിലോ വെളിപ്പെട്ടു പോവുകയും ചെയ്തേക്കാം. അത് യുക്തിപൂർവ്വം ബോധപൂർവ്വം ചെയ്യിക്കപ്പെട്ടതായിരുന്നു എന്ന് വെളിപ്പെടുകയും ചെയ്യും. അത് പിന്നീട് വഹിയുടെ നീർധാര ശക്തിയായി ഒഴുകുന്നതുപോലെയാവും. അതിന്റെ അബദ്ധത്തെ അതിനിടയിൽനിന്ന് അത് ഒഴിവാക്കുകയും ചെയ്യും. അതായത് അങ്ങനെ യൊരു തെറ്റ് ഉണ്ടായിട്ടില്ല എന്ന് തോന്നുംവിധ ത്തിൽ ആയിരിക്കും. ചുരുക്കത്തിൽ നമ്മുടെ നേതാവും യജമാനവുമായ മുഹമ്മദ് മുസ്തഫ(സ) ന്റെ 10 ലക്ഷത്തോളം വാക്കുകളും പ്രവർത്തികളും പൂർണ്ണമായും അല്ലാഹുവിന്റെ വെളിപ്പെടൽ ആയി രുന്നു. തിരുനബി(സ)യുടെ എല്ലാ കാര്യത്തിലും അനക്കമടക്കത്തിലും വാക്കുകളിലും പ്രവർത്തി കളിലും റൂഹുൽ ഖുദ്സിന്റെ പ്രകാശമാനമായ കിര ണങ്ങൾ കാണപ്പെടുന്നുണ്ടായിരുന്നു. എന്നിരിക്കെ ഏതാനും കാര്യങ്ങളിൽ മാനുഷികമായ മണം വരു ന്നുവെങ്കിൽ അതുകൊണ്ട് എന്ത് കോട്ടം തട്ടാ നാണ്? മാത്രമല്ല മാനുഷികമായ അന്വേഷണത്തി നുവേണ്ടി ചിലപ്പോൾ അങ്ങനെ സംഭവിക്കുകയും ചെയ്യും. അത് ജനങ്ങൾ ശിർക്കിന്റെ നാശത്തിൽ അകപ്പെടാതിരിക്കുന്നതിന് വേണ്ടിയാണ്.

ഏതെങ്കിലും ഹദീസിലോ നബി ചരിത്ര ഗ്രന്ഥങ്ങ ളിലോ നബിയുടെ ചരിത്രം സംബന്ധിച്ച് എന്തെ ങ്കിലും നിവേദനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് മേൽ വിശുദ്ധ ഖുർആന്റെ ആയത്തിന്റെ വെളിച്ചത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങളുടെ അടിസ്ഥാനത്തിലും ഈ കാര്യങ്ങളെ നോക്കുകയും അതിനെ താരതമ്യം ചെയ്യേണ്ടതുമാണ്. അതല്ലാതെ ആക്ഷേപം ഉന്ന യിക്കുകയും എല്ലാ ഓറിയന്റലിസ്റ്റുകളുടെയും കാര്യങ്ങളെ അംഗീകരിക്കുകയും നമ്മുടെ പക്കൽ മറുപടിയില്ലാ എന്നും കരുതുകയല്ല വേണ്ടത്.

ഇതാണ് തിരുനബിയുടെ പരിശുദ്ധി നിലനിർത്തുന്നതിനുള്ള യഥാർത്ഥ കർമ്മം. അല്ലാതെ വെറും മുദ്രാവാക്യം വിളിക്കുകയല്ല വേണ്ടത്.

രണ്ടു ദിവസം കഴിഞ്ഞാൽ ഇൻശാ അല്ലാഹ് റമദാൻ ആരംഭിക്കുകയാണ്. അല്ലാഹു അതിൽ നിന്ന് പൂർണ്ണമായും പ്രയോജനം എടുക്കാനും സ്വീകൃത യോഗ്യമായ നോമ്പുകൾക്കും ദുആകൾക്കും എല്ലാവർക്കും തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ. അതിനുവേണ്ടി ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യുക.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് റബ്‌വയിലെ മുഹമ്മദ് അസ്സലാം സാഹിബിന്റെ മകൻ, ചൗധരി മുഹമ്മദ് അൻവർ റിയാസ് സാഹിബിനെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

اَلْحَمْدُ لِلّٰهِ نَحمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَكَّلُ عَلَيْہِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَہٗ وَمَنْ يُضْلِلْہُ فَلَا هَادِىَ لَہٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

* * * * * * *

* * **

**

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 28.02.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam**, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516